# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## ഭ്രൂണഹത്യ മഹാപാപം : ആർച്ച്ബിഷപ്പ് ചാൾസ് ചാപ്പുട്ട്



മോഷണം തെറ്റാണ്. ആക്രമണം അതിനേക്കാൾ ഹീനമാണ്. കൊലപാതകം ഏറ്റവും ഹീനമാണ്. ഫിലാഡൽഫിയയിലെ ആർച്ച് ബിഷപ്പ് ചാൾസ് ചാപ്പുട്ട് പറഞ്ഞു. പ്ലാൻഡ് പാരന്റ് ഹുഡിന്റെ കുത്സിതപ്രവർത്തികൾ വെളിച്ചത്തുകൊണ്ടുവന്ന രഹസ്യവീഡിയോകളുടെ പശ്ചാത്തല ത്തിലാണ് അദ്ദേഹത്തിന്റെ പ്രതികരണം. നിഷ്കളങ്ക ശിശുക്കളുടെ കൊലപാതകത്തെ മറ്റൊന്നുമായും തുലനം ചെയ്യാനാവില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മോഷണവും കൊലപാതകവും ഗൗരവമേറിയ പാപങ്ങൾ തന്നെ. എന്നാൽ അവ താരതമ്യം ചെയ്യാനാവില്ല. മനപൂർവ്വം ഗർഭസ്ഥശിശുവിനെ കൊല്ലുന്നത് അതിനിന്ദ്യമായ പ്രവൃത്തിയാണ്. എന്തെല്ലാം കാരണം പറഞ്ഞാലും അതിന് ന്യായീകരണമില്ല. അദ്ദേഹം കൂട്ടിച്ചേർത്തു.

പ്ലാൻഡ് പാരന്റ് ഹുഡിന്റേതായി ഇതുവരെ അഞ്ചു രഹസ്യവീഡിയോകളാണ് പുറത്തിറക്കിയിരിക്കുന്നത്. ഗർഭസ്ഥശിശുക്കളുടെ ശരീരഭാഗങ്ങൾക്ക വിലയിടുന്നതും ഭ്രൂണഹത്യ നടത്തുന്ന രീതികൾ വിശദമായി വിവരിക്കുന്നതുമായ മനുഷ്യത്വരഹിത ദൃശ്യങ്ങൾ നിറഞ്ഞതാണ് ഈ വീഡിയോകൾ. ലോകമെമ്പാടുമുള്ള മനുസ്നേഹികളും പ്രോലൈഫ് പ്രവർത്തകരും ഇതിനെതിരെ ശക്തമായി രംഗത്തു വന്നിട്ടുണ്ട്.